## HADIA CSE Khutba Notes (14.07.2017)

# മക്കൾ സ്വാലിഹീങ്ങളാകാൻ (മൂന്ന്)

ഒരു കുഞ്ഞ് വളർന്ന് വരുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളാണ് ഇന്ന് ചർച്ചചെയ്യുന്നത്. ഒന്ന്, നാം സ്വയം കുട്ടികൾക്ക് മുമ്പിൽ നല്ല മാതൃകകളായി മാറുക. ലോകത്തേക്ക് പിറന്നുവീഴുമ്പോൾ കുഞ്ഞുങ്ങൾക്ക് ഒന്നുമറിയില്ലായിരുന്നു.

وَاللَّـهُ أَخْـرَجَكُمْ مِـنْ بُطُـونِ أُمَّهَـاتِكُمْ لَا تَعْلَمُـونَ شَـيْئًا وَجَعَـلَ لَكُـمُ السَّـمْعَ وَالْأَبْصَـارَ وَالْأَفْـئِـدَةَ لَعَلَّكُـمْ تَشْـكُرُون

(النحل)

പിന്നീട് മാതാപിതാക്കളെ കണ്ടാണ് അവർ പഠിക്കുന്നത്. യഥാ മാതാപിതാ തഥാ സുതാ. എബ്രഹാം ലിങ്കൺ പറയുന്നു: നിങ്ങൾ ഏതു രൂപത്തിൽ കുട്ടികളെ വളർത്താൻ ആഗ്രഹിക്കുന്നുവോ അതുപോലെ ജീവിക്കുക. ഹെൻറി ഫ്രെഡെറിക്: മാതാപിതാക്കൾ പറയുന്നതിനനുസരിച്ചല്ല, അവർ ചെയ്യുന്നതിനനുസരിച്ചാണ് മക്കൾ വളരുക. ഒരു ദുർഗുണ പാഠശാലയിലെ കുട്ടികൾക്കിടയിൽ നടത്തിയ പഠനം പറയുന്നത് അവിടുത്തെ 80 ശതമാനം കുട്ടികളുടെയും രക്ഷിതാക്കൾ മദ്യത്തിന്റെയോ കുടുംബകലഹത്തിന്റെയോ വക്താക്കളായിരുന്നെന്നാണ്. ബാക്കി 20 ശതമാനം പേർ തങ്ങളുടെ മക്കളെ പട്ടാളച്ചിട്ടയിൽ വളർത്തിയിരുന്നവരാണ്. നമ്മുടെ സ്വഭാവം നമ്മൾ അറിഞ്ഞോ അറിയാതെയോ കുട്ടികളിൽ സ്വാധീനിക്കുന്നുണ്ടെന്നാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്. ശൈഖ് ജീലാനി(റ) ഖുർആൻ മന:പാഠമാക്കിയത് ചെറുപ്പത്തിൽ ഉമ്മ ഓതുന്നത് കേട്ടിട്ടാണ്. എ.പി.ജെ കലാം പറയുന്നു: ഞാൻ സത്യസന്ധതയും അച്ചടക്കവും പഠിച്ചത് എന്റെ അഛനിൽ നിന്നാണ്. അമ്മയിൽ നിന്ന് ദയാഗുണവും നന്മയിലുള്ള വിശ്വാസവും ആർജിച്ചു (അഗ്നിച്ചിറകുകൾ).

മാതാപിതാക്കൾ മാത്രമല്ല, ചെറുപ്പത്തിൽ കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന ഓരോ കാര്യവും കുട്ടികളിൽ സ്വാധീനം ചെലുത്തുന്നുണ്ട്. അവ അവരുടെ അബോധ മനസ്സിൽ ശേഖരിക്കപ്പെടുകയും പിൽകാലത്ത് അനിയന്ത്രിതമായി പുറത്ത്വന്നുകൊണ്ടിരിക്കുകയും ചെയ്യും. ദെസ്തെവെസ്കിയുടെ ഇതിഹാസ നോവലായ കരമസോവ് സഹോദരൻമാരിലെ അല്യോഷ എന്ന കഥാപാത്രം പറയുന്നു: ആളുകൾ വിദ്യാഭ്യാസത്തിന്റെയും അറിവിന്റെയും പ്രാധാന്യത്തെക്കുറിച്ച് ധാരാളം സംസാരിക്കുന്നു. പക്ഷേ, ബാല്യകാലത്തെ പാവനമായ ഓർമകൾ തന്നെയാണ് ഏറ്റവും മികച്ച വിദ്യാഭ്യാസം (കരമസോവ് സഹോദരൻമാർ). അതുകൊണ്ടാണ് 'save environment, save generation' എന്ന് പറയുന്നത്. ചെറുപ്പത്തിൽ കാണുന്ന സിനിമകൾ, സീരിയലുകൾ, അക്രമരംഗങ്ങൾ തുടങ്ങിയവയെല്ലാം കുട്ടികളിൽ പ്രതിഫലനമുണ്ടാക്കുന്നുണ്ട്. ടെലിവിഷന്റെ പിതാവായ വ്ളാഡ്മിർ സ്വോറികിന്റെ പ്രശസ്തമായ ഒരു വചനമുണ്ട്: ഞാൻ ഒരിക്കലും എന്റെ കുട്ടിയെ ടിവി കാണാൻ അനുവദിക്കുകയില്ല. വിൽഡ്യൂറന്റ്: സമൂഹത്തെ ദുഷിപ്പിക്കുന്നത് ദുർമാതൃകകളാണ് (The story of philosophy).

രണ്ട്, കുട്ടികളെ സ്നേഹിക്കുക. സ്നേഹിച്ചാൽ പോര, അത് പ്രകടിപ്പിക്കുകയും വേണം. സ്നേഹിക്കുന്നതിനെക്കാൾ പ്രധാനം അത് പ്രകടിപ്പിക്കുന്നതാണ്.

أَنَّ أَبَا سَالِمٍ الْجَيْشَانِيَّ أَتَى إِلَى أَبِي أُمَيَّةَ فِي مَنْزِلِهِ فَقَالَ إِنِّي سَمِعْتُ أَبَا ذَرٍّ يَقُولُ إِنَّهُ سَمِعَ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ إِذَا أَحَبَّ أَحَدُكُمْ صَاحِبَهُ فَلْيَأْتِهِ فِي مَنْزِلِهِ فَلْيُخْبِرْهُ أَنَّهُ يُحِبُّهُ لِلَّهِ وَقَدْ جِئْتُكَ فِي مَنْزِلِكَ (احمد) عَنِ الْمِقْدَامِ بْنِ مَعْدِيكَرِبَ – وَقَدْ كَانَ أَدْرَكَهُ – عَنِ النَّبِىِّ –صلى الله عليه وسلم– قَالَ « إِذَا أَحَبَّ الرَّجُلُ أَخَاهُ فَلْيُخْبِرْهُ أَنَّهُ يُحِبُّهُ » (ترمذي) عن أبي حميد الساعدي قال : قال رسول الله صلى الله عليه و

سلم : أبد المودة لمن وادك تكن أثبت (ابن ابي الدنيا) عن مكحول قال : قال رسول الله صلى الله عليه و سلم : من كان في قلبه مودة لأخيه ثم لم يطلعه عليه فقد خانه (ابن ابي الدنيا) عن عبد الله بن عمر عن النبي صلى الله عليه و سلم قال : إذا أحب أحدكم أخاه فليخبره فإنه يجد له مثل الذي يجد له (ابن ابي الدنيا)

ഇന്ന് നമ്മുടെ കൂട്ടത്തിലെ ചില രക്ഷിതാക്കൾ മക്കളോട് സ്നേഹം പ്രകടിപ്പിക്കുന്നില്ല. അങ്ങനെ വന്നാൽ അവർ സ്നേഹം കിട്ടുന്നിടത്തേക്ക് പോകും. ചിലർ പ്രകടിപ്പിക്കുന്നത് തെറ്റായ വഴികളിലൂടെയാണ്. ഉദാഹരണത്തിന് ചോദിച്ചതെല്ലാം അനുവദിക്കുക, പൂർണ സ്വാതന്ത്ര്യം വകവെച്ചുകൊടുക്കുക, വിലപിടിപ്പുള്ള സാധനസാമഗ്രികൾ വാങ്ങിനൽകുക. ഇവയല്ല യഥാർഥ സ്നേഹ പ്രകടനം. മറിച്ച് ശൈശവ മനശ്ശാസ്ത്രം പഠിപ്പിക്കുന്ന ചിലവ ഇങ്ങനെയാണ്:

(എ) സ്പർശനം (touching): സ്നേഹപ്രകടനത്തിന്റെ മികച്ച ഒരു വഴിയാണ് സ്പർശനം. മക്കളെ ഇടക്കിടെ സലാം പറഞ്ഞ് ഹസ്തദാനം നടത്തുന്നത് ഇതിന്റെ മികച്ച ഒരു ഉദാഹരണമാണ്.

عن أَبي الخطاب قتادة ، قَالَ : قُلْتُ لأَنَسٍ : أكَانَتِ المُصَافَحَةُ في أصْحَابِ رسولِ الله – صلى الله عليه وسلم – ؟ قَالَ : نَعَمْ . رواه البخاري . وعن أنس – رضي الله عنه – قَالَ: لَمَّا جَاءَ أهْلُ اليَمَنِ، قَالَ رسولُ الله – صلى الله عليه وسلم – قَدْ جَاءكُمْ أهْلُ اليَمَنِ وَهُمْ أوَّلُ مَنْ جَاءَ بِالمُصَافَحَةِ. رواه أَبُو داود بإسناد صحيح. وعن البراءِ – رضي الله عنه – ، قَالَ : قَالَ رسولُ الله – صلى الله عليه وسلم مَا مِنْ مُسْلِمَينِ يَلْتَقِيَانِ فَيَتَصَافَحَانِ إلاَّ غُفِرَ لَهُمَا قَبْلَ أنْ يَفْتَرِقَا رواه أَبُو داود.

ഇമാം ഹസനുൽ ബസ്വരി(റ) പറയുന്നു:

المصافحة تزيد في المودة.

كلما غمزت به صاحبك أشد تحاتت الذنوب.

ചില പ്രത്യേക സാഹചര്യങ്ങളിൽ അവരെ -തിരുമേനി(സ്വ) ഫാത്വിമ(റ)യെ ചെയ്തിരുന്ന പോലെ- ചേർത്തുപിടിക്കുകയും ആവാം.

عن عائشة رضي الله عنها ، قالت : قَدِمَ زَيْدُ بْنُ حَارِثَةَ المَدِينَةَ وَرسولُ الله – صلى الله عليه وسلم – في بَيتِي ، فَأتَاهُ فَقَرَعَ البَابَ ، فَقَامَ إِلَيْهِ النبيُّ – صلى الله عليه وسلم – يَجُرُّ ثَوْبَهُ ، فَاعْتَنَقَهُ وَقَبَّلَهُ . رواه الترمذي.

(ബി) ആശയസംവേദനം (communication). ഇത് സ്നേഹത്തിന്റെ അടയാളമായത് കൊണ്ടാണല്ലോ സ്വർഗ്ഗസ്ഥർ അഭിമുഖമിരുന്ന് സംസാരിക്കാൻ സമയം കണ്ടെത്തുന്നത് (ഹിജ്റ് 47, സ്വാഫ്ഫാത്ത് 44, ദുഖാൻ 53, യാസീൻ 55,56). അവിടന്ന് എല്ലാ പ്രഭാതവും ഉപദേശിക്കാനും പ്രദോഷവും തമാശ പറയാനും ഭാര്യമാരെ കാണാറുണ്ടായിരുന്നു. ഇടക്ക്

# മക്കൾ സ്വാലിഹീങ്ങളാകാൻ (മൂന്ന്)

എല്ലാവരെയും ഒരു വീട്ടിലേക്ക് വിളിച്ച്കൊണ്ടുവന്നും അവിടന്ന് വർത്തമാനം പറഞ്ഞു കൊണ്ടിരിക്കും. അതുകൊണ്ട് മക്കളോട് സംസാരിക്കാൻ അൽപസമയം നാം മാറ്റിവെക്കുക. ഇതിന് യാത്രകളോ സായാഹ്ന സവാരിയോ ഭക്ഷണവേളകളോ നമുക്ക് ഉപയോഗപ്പെടുത്താം. അംഗങ്ങൾ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്ന കുടുംബത്തിലെ കുട്ടികൾക്ക് ആത്മവിശ്വാസം വർധിക്കുമെന്ന് Brittish National Literary Trust പറയുന്നു.

عَن أَنَسٍ ، قال : كان النبي صلي الله عليه وسلم أفكه الناس مع صبي (طبراني بزار)

(സി) സമ്മാനം നൽകുക.

عَنْ أَنَسِ بْنِ مَالِكٍ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " يَا مَعْشَرَ مَنْ حَضَرَ تَهَادَوْا فَإِنَّ الْهَدِيَّةَ – قَلَّتْ أَوْ كَثُرَتْ – تُذْهِبُ السَّخِيمَةَ وَتُورِثُ الْمَوَدَّةَ (الطبراني) عَنْ أَبِي هُرَيْرَةَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " تَهَادَوْا تَحَابُّوا ، نِعْمَ مِفْتَاحُ الْحَاجَةِ الْهَدِيَّةُ (اصبهاني امثال) عن أم حكيم قالت سمعت رسول الله صلى الله عليه و سلم يقول : تهادوا فإنها تضعف الحب وتذهب بالغوائل (مكارم الاخلاق) عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ تَهَادَوْا فَإِنَّ الْهَدِيَّةَ تُذْهِبُ وَغَرَ الصَّدْرِ (احمد)

(ഡി) അഭിനന്ദിക്കുക. നല്ലത് ചെയ്താൽ അഭിനന്ദനം ആഗ്രഹിക്കാത്തവരായി ആരുമില്ല. എന്നാൽ, പലപ്പോഴും നമ്മുടെ കുട്ടികൾക്ക് ശാസന മാത്രമാണ് നാം നൽകാറുള്ളത്. തെറ്റിന് ശാസന നൽകുന്നതോടൊപ്പം നന്മക്ക് അഭിനന്ദനവും നൽകാൻ നാം ശ്രമിക്കണം. തിരുമേനി(സ്വ) പൊതുവെ ഒരാളെ ശാസിക്കുമ്പോൾ *'നിഅ്മ'* (ഇന്ന കാര്യം ഒഴിവാക്കിയാൽ ആൾ എത്ര നല്ലവനാണ്!) ചേർത്താണ് പറയാറുള്ളത്. ഒരിക്കൽ ഇബ്നുഉമറി(റ)നോട് അവിടന്ന് പറഞ്ഞു:

فَقَالَ رَسُولُ اللَّهِ –صلى الله عليه وسلم– :« نِعْمَ الرَّجُلُ عَبْدُ اللَّهِ لَوْ كَانَ يَقُومُ مِنَ اللَّيْلِ ». قَالَ سَالِمٌ : فَكَانَ لاَ يَنَامُ مِنَ اللَّيْلِ إِلاَّ قَلِيلاً. رَوَاهُ الْبُخَارِىُّ.

عَنْ قَيْسِ بْنِ بِشْرٍ ، عَنْ أَبِيهِ ، أَنَّهُ سَمِعَ ابْنَ الْحَنْظَلِيَّةِ ، يَقُولُ : إِنَّهُ سَمِعَ رَسُولَ اللهِ صلى الله عليه وسلم ، يَقُولُ : نِعْمَ الرَّجُلُ خُرَيْمٌ الأَسَدِيُّ ، لَوْلا طُولُ جُمَّتِهِ ، وَإِسْبَالُ إِزَارِهِ ، فَبَلَغَ ذَلِكَ خُرَيْمًا رَضِيَ اللَّهُ عَنْهُ ، فَأَخَذَ شَفْرَةً وَقَطَعَ بِهَا شَعَرَهُ إِلَى أُذُنَيْهِ ، وَإِزَارَهُ إِلَى أَنْصَافِ (احمد و الطبراني)

(ഇ) അംഗീകാരം നൽകുക (Reorganization). വീട്ടിലും കുടുംബത്തിലും അർഹമായ അംഗീകാരം കുട്ടികൾക്ക് നൽകണം. ഇത് വീട്ടുകാര്യങ്ങളിൽ അവരോട് അഭിപ്രായം ചോദിച്ചുകൊണ്ടോ (സ്വാഫ്ഫാത്ത് 102) ചില ഉത്തരവാദിത്വങ്ങൾ അവരെ ഏൽപിച്ചുകൊണ്ടോ ആവാം. തിരുനബി(സ്വ) ഉസാമയെ ഒരു സൈന്യത്തിന്റെ നേതൃത്വം ഏൽപിക്കുന്ന സമയത്ത് അദ്ദേഹത്തിന്റെ പ്രായം 18 നു താഴെയായിരുന്നു. അല്ലാഹു യഹ്യ(അ)ക്ക് മൂന്നാം വയസ്സിൽ നുബുവ്വത്ത് നൽകി (മർയം 12).

മൂന്ന്, അമിത സ്നേഹവും ലാളനയും ഉപേക്ഷിക്കുക. സ്നേഹം അമിതമാവുന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട്. ഏറെ കാണപ്പെടാറുള്ള ഒന്നാണ് കുട്ടികളിൽ തെറ്റുകൾ ക

## HADIA CSE Khutba Notes (14.07.2017)

# മക്കൾ സ്വാലിഹീങ്ങളാകാൻ (മൂന്ന്)

ണ്ടാൽ പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ ശിക്ഷണമുറകൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുക. തെറ്റുകൾക്ക് ശിക്ഷ തന്നെ അനിവാര്യമില്ല. നാലിലൊരു മാർഗ്ഗം സ്വീകരിച്ചാൽ മതി; ദാനം(Seduction), സാമം(Association), ഭേദം(Delegation), ദണ്ഡം(Direction). തെറ്റ് ഒഴിവാക്കിയാൽ സമ്മാനം നൽകുന്നതാണ് ദാനം. കുട്ടികളുടെ കൂടെ നിന്ന് തെറ്റ് തിരുത്തുന്നതാണ് സാമം.

عَنِ الْوَلِيدِ بْنِ كَثِيرٍ عَنْ وَهْبِ بْنِ كَيْسَانَ سَمِعَهُ مِنْ عُمَرَ بْنِ أَبِى سَلَمَةَ قَالَ كُنْتُ فِى حَجْرِ رَسُولِ اللَّهِ –صلى الله عليه وسلم– وَكَانَتْ يَدِى تَطِيشُ فِى الصَّحْفَةِ فَقَالَ لِى « يَا غُلاَمُ سَمِّ اللَّهَ وَكُلْ بِيَمِينِكَ وَكُلْ مِمَّا يَلِيكَ » (مسلم) عَنْ عُمَرَ بْنِ أَبِى سَلَمَةَ قَالَ قَالَ النَّبِىُّ –صلى الله عليه وسلم– « ادْنُ بُنَىَّ فَسَمِّ اللَّهَ وَكُلْ بِيَمِينِكَ وَكُلْ مِمَّا يَلِيكَ » (ابو داود)

ചില തെറ്റുകൾ കാണുമ്പോൾ കുട്ടികളെ അവഗണിക്കുന്നതാണ് ഭേദം. ഭാര്യാസന്താനങ്ങൾ കളവുപറഞ്ഞാൽ അവർ പശ്ചാതപിക്കുന്നത് വരെ പ്രവാചകൻ(സ്വ) അവരോട് മിണ്ടാറുണ്ടായിരുന്നില്ല. ശിക്ഷിക്കുന്നതാണ് ദണ്ഡം.

عن ابن عباس قال : قال رسول الله صلى الله عليه و سلم : علقوا السوط حيث يراه أهل البيت فإنه لهم أدب (طبراني)

ചില സന്ദർഭങ്ങളിൽ ശിക്ഷണത്തിന് ശിക്ഷ വേണമെന്ന് പ്രസ്തുത വചനം പഠിപ്പിക്കുന്നു. *'നിഅ്മൽ മുഅദിബു അൽ അസ്വാ'* എന്നാണല്ലോ.

നാല്, പ്രായത്തിനും വളർച്ചക്കും അനുസരിച്ച് കുട്ടികളോടുള്ള സമീപനത്തിൽ മാറ്റം വരുത്തുക. ചിലർ എത്ര മുതിർന്നാലും കുട്ടികളെ ചെറിയവരായി കാണാറുണ്ട്. ചിലർ ചെറുപ്പത്തിലേ കയറൂരിവിടുകയും ചെയ്യുന്നു. രണ്ടും ശരിയല്ല. ഉമർ(റ) പറയുന്നു: ആദ്യത്തെ ഏഴു വയസ്സുവരെ കുട്ടികളെ രാജാക്കളെ പോലെയും തുടർന്ന് 14 വരെ അടിമകളെ പോലെയും ശേഷം 21 വരെ സുഹൃത്തുക്കളെ പോലെയും നീ കാണുക. രണ്ടാമത്തെ ഏഴ് കുട്ടികൾ ഏറെ വഴിപിഴക്കാൻ സാധ്യതയുള്ള സമയമായതുകൊണ്ട് അപ്പോൾ കർക്കശ സ്വഭാവം സ്വീകരിക്കണം. നോവലിസ്റ്റ് ടിപി രാജീവൻ: ഇന്ന് ധർമ്മം പഠിപ്പിക്കാതെയാണ് കുട്ടികളെ വളർത്തുന്നത്. വീടു ഭരിക്കുന്നത് അവരാണ്. ഏത് കഴിക്കണം, ഉടുക്കണം, ഏത് വാഹനം വാങ്ങണം എന്നെല്ലാം തീരുമാനിക്കുന്നത് മക്കളായിരിക്കുന്നു. അവരുടെ എല്ലാ ആഗ്രഹങ്ങളും ലോൺ എടുത്തെങ്കിലും രക്ഷിതാക്കൾ നിറവേറ്റിക്കൊടുക്കുന്നു (മനോരമ 2015 ആഗസ്ത് 24).

അഞ്ച്, കുട്ടികളെ ഇടക്കിടെ ഉപദേശിക്കുക. ഇത് എത്രയും സ്നേഹത്തിലും ഗുണകാംക്ഷയിലുമാവണം. സൂറത്ത് ലുഖ്മാനും അതിൽ അദ്ദേഹം നടത്തുന്ന *യാ ബുനയ്യ* എന്ന വിളിയും ഇതാണ് പഠിപ്പിക്കുന്നത്. ആത്മാർഥമായ ഉപദേശം കൊണ്ട് ഫലം സിദ്ധിക്കുമെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു (ദാരിയാത്ത് 55).

ഇവക്ക് പുറമെ ദൈവീക ചിന്ത കുട്ടികളിൽ ഉണ്ടാക്കുന്നതിന്റെയും ധാർമിക പഠനത്തിന്റെയും (മദ്രസ വിദ്യാഭ്യാസം) ആവശ്യകതയും പറഞ്ഞ് പ്രഭാഷണം അവസാനിപ്പിക്കാം.

**HADIA CSE Khutba Notes (14.07.2017)**

# മക്കൾ സ്വാലിഹീങ്ങളാകാൻ (മൂന്ന്)

**ഖുതുബ നോട്ട്സ്**


**HADIA Centre for Social Excellence (CSE)**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

**For any clarification: 9496445823**


**Visit: www.hadia.in,www.islamonweb.net**

Follow our updates & like us: https://www.facebook.com/HADIACSE/